**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4028** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ<br><br>1. ഒപ്പം പദ്ധതി :- റേഷൻ കടകളിൽ നേരിട്ടെത്തി റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കാത്ത അശരണരായ വയോജനങ്ങൾക്ക് ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെ വീട്ടുകളിൽ നേരിട്ട് റേഷൻ എത്തിക്കുന്ന പദ്ധതി.<br><br>2. സുഭിക്ഷ ഹോട്ടൽ :- "വിശപ്പുരഹിത കേരളം" എന്ന പദ്ധതിയുടെ ഭാഗമായി 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്നതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.<br><br>3. കെ സ്റ്റോർ :- MSME ഉത്പന്നങ്ങൾ, ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, CSC Registration സേവനങ്ങൾ എന്നിവ റേഷൻ കടകൾ മുഖേന ലഭ്യമാക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ 8 റേഷൻ കടകൾ കെ-സ്റ്റോറുകൾ ആയി പ്രവർത്തിക്കുന്നുണ്ട്.<br><br>4. ജനകീയ ഹോട്ടൽ :- ആലത്തൂർ മണ്ഡലത്തിൽ 3 ജനകീയ ഹോട്ടലുകൾക്ക് റേഷൻ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡത്തിലെ ഓരോ പഞ്ചായത്തിലും നടപ്പാക്കിയ പദ്ധതികളുടെയും ഭരണാനുമതി നല്കിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ നൽകാമോ? | (ബി) | മേൽ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>സുഭിക്ഷ ഹോട്ടൽ</u> - 1 എണ്ണം, ആലത്തൂർ ഗ്രാമ പഞ്ചായത്ത്<br><br>2. <u>ജനകീയ ഹോട്ടൽ</u><br><br>എരിമയൂർ, ആലത്തൂർ ഗ്രാമപഞ്ചായത്തുകളിൽ ഒരെണ്ണം വീതം |

| | | | |
|---|---|---|---|
| | | | 3. <u>കെ സ്റ്റോർ</u><br><br>കിഴക്കഞ്ചേരി പഞ്ചായത്ത് - 1 എണ്ണം<br><br>എരിമയൂർ പഞ്ചായത്ത് - 4 എണ്ണം<br><br>മേലാർകാട് പഞ്ചായത്ത് - 1 എണ്ണം<br><br>ആലത്തൂർ പഞ്ചായത്ത് - 1 എണ്ണം<br><br>കുത്തന്നൂർ പഞ്ചായത്ത് - 1 എണ്ണം<br><br>ടി പദ്ധതികളിൽ സുഭിക്ഷ ഹോട്ടൽ പദ്ധതിയ്ക്ക് മാത്രമേ വകുപ്പ് തുക അനുവദിച്ച് നൽകുന്നുള്ളൂ. നാളിതുവരെ 13,10,197/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ